DESPATCHED
On.05/2/22

07/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 139*(2)/2021*/*എസ്.ഐ.സി*.**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **1955**/*എസ്.ഐ.സി-ജി 6/2021*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. അബ്ദുൾ ജലീൽ,
ബൈത്തുനൂർ,
ആഡൂർ, കാടാച്ചിറ (പി.ഒ),
കണ്ണൂർ – 670 621.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &,
   സെക്രട്ടറി,
   കടമ്പൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,
   കാടാച്ചിറ (പി.ഒ), കണ്ണൂർ – 670 621.
2. അപ്പീൽ അധികാരി & പഞ്ചായത്ത് അസിസ്റ്റന്റ്,
   ഡയറക്ടർ, കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28/09/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 27/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 27/11/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 01/02/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 03/02/2021 |
| ഹിയറിംഗ് നടന്ന തീയതി | 03.01.2022 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. അബ്ദുൾ ജലീൽ സമർപ്പിച്ച അപ്പീൽ ഹർജി 03/02/2021 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 139(2)/2021/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം അപ്പീൽ അധികാരി ഉത്തരവിട്ടിട്ടും ഒന്നാം എതിർകക്ഷി ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 28/09/2020 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപറയുന്ന വിവരങ്ങളാണ്:

1. ഡെപ്യൂട്ടി പഞ്ചായത്ത് ഡയറക്ടറുടെ 18/09/2020-ലെ കത്തിലെ ഉത്തരവ് പ്രകാരം അപ്പീൽ ഹരജിക്കാരന്റെയും ശ്രീമതി. സാജിത വി.കെ-യുടെയും സ്ഥലങ്ങളുടെ അതിരുകൾ വേർതിരിച്ച് മനസ്സിലാക്കാവുന്ന വിധത്തിലുള്ള യാതൊരു അടയാളങ്ങളും സ്ഥലത്ത് ലഭ്യമല്ല എന്ന് റിപ്പോർട്ട് നൽകിയതായി കാണുന്നുവെന്നും ആയതിനാൽ ടി റിപ്പോർട്ടിന്റെ പകർപ്പ് വിവരാവകാശ നിയമ പ്രകാരം അനുവദിക്കുക എന്നും
2. 25.09.2020-ലെ ബി-3503/2020 കത്തിലെ വിവരാവകാശ മറുപടി പ്രകാരം ശ്രീമതി. സാജിത വി.കെ സർവ്വെ സ്കെച്ച് ഓഫീസിൽ ഹാജരാക്കിയില്ല എന്ന് പറയുന്നുവെന്നും ഏത് തീയ്യതിയിൽ ആണ് സർവ്വെ സ്കെച്ച് ഹാജരാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ശ്രീമതി. സാജിത വി.കെ-ക്ക് നിർദ്ദേശം നൽകിയതെന്നും, ആ നിർദ്ദേശത്തിന്റെ പകർപ്പും, ടി നിർദ്ദേശം അയച്ചത് രേഖപ്പെടുത്തിയിരിക്കുന്ന ഡെസ്പാച്ച് കോപ്പി, സർവ്വെ സെക്ച്ച് ഹാജരാക്കാത്തതിനാൽ അടിയന്തിരമായി ഹാജരാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് രേഖാമൂലം ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ടോ എന്നും ഇത്രയും നാളുകൾ ആയിട്ടും സർവ്വെ സ്കെച്ച് ഹാജരാക്കാത്തതിനാൽ അവർക്കെതിരെ ഏതെ

ങ്കിലും തരത്തിലുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ പകർപ്പ്, ഇല്ലെങ്കിൽ എന്ത് കൊണ്ടാണ് നടപടി കൈക്കൊള്ളാത്തതിന്റെ കാരണം എന്നിവ വിവരാവകാശ നിയമ പ്രകാര അറിയിക്കുക എന്നും

3. 16.08.2018-ന് കടമ്പൂർ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച പരാതിയിന്മേൽ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും
4. പരാതി കൈകാര്യം ചെയ്ത സെക്ഷൻ ക്ലർക്ക് മേൽ പരാതി കൈപ്പറ്റിയ ശേഷം 5 ദിവസത്തിനുള്ളിൽ ഫയൽ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ടോ എന്നും
5. പരാതി കൃത്യസമയത്തിനുള്ളിൽ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടില്ല എങ്കിൽ സെക്രട്ടറി സെക്ഷൻ ക്ലർക്കിനോട് വിശദീകരണം ചോദിച്ചിട്ടുണ്ടോ എന്നും
6. പരാതി കൈകാര്യം ചെയ്ത സെക്ഷൻ ക്ലർക്കിന്റെയും സെക്രട്ടറിയുടെയും പേര് വിവരം അറിയിക്കുക എന്നും മറ്റുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 20.10.2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

4. 27.10.2020 തീയതിയിൽ ഹർജിക്കാരന്റെ അപ്പീലിന്മേൽ 27.11.2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 15/03/2021 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ടി അപേക്ഷയിലെ ക്രമ നമ്പർ 2 പ്രകാരം ആവശ്യപ്പെട്ട രേഖകൾ അനുവദിച്ചിട്ടുണ്ടെന്നും മറ്റ് രേഖകൾ (ക്രമ നമ്പർ 1 പ്രകാരം ആവശ്യപ്പെട്ടവ) ഫീസ് ഒടുക്കിയിട്ടും അനുവദിച്ചിട്ടില്ലെന്നു ഹർജിക്കാരൻ രണ്ടാമത് ലഭ്യമാക്കിയ അപേക്ഷയിൽ വ്യക്തമാക്കിയിരുന്നുവെന്നും ഹർജിക്കാരന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെടാത്ത പുതിയ ഒരു രേഖ (അതിരുകൾ വേർതിരിച്ച് മനസിലാക്കുന്ന വിധത്തിലുള്ള അടയാളങ്ങൾ സ്ഥലത്ത് ലഭ്യമല്ല എന്ന് സെക്രട്ടറി നൽകിയ റിപ്പോർട്ട്) അനുവദിക്കാൻ 17/11/2020 തീയതിയിൽ ലഭ്യമാക്കിയ ഒന്നാം അപ്പീൽ അപേക്ഷയിൽ ആവശ്യമുന്നയിച്ചിരുന്നു.

അപ്പീൽ ഹർജിയും ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ റിപ്പോർട്ടും പരിശോധി
ച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കൃത്യമായി നൽകുന്നതിന് ഒന്നാം
എതിർകക്ഷിക്ക് അപാകതകൾ സംഭവിച്ചിട്ടുള്ളതായി കണ്ടിരുന്നുവെന്നും, ഹർജി
ക്കാരന് നൽകിയ മറുപടിയിൽ ഒന്നാം എതിർകക്ഷി പേരോട് കൂടിയല്ല ഒപ്പ്
വെച്ചിരുന്നതെന്നുമാണ്.

അപ്പീൽ ഹർജിക്കാരൻ 29.09.2020 തീയതിയിൽ ഒന്നാം എതിർകക്ഷി
മുമ്പാകെ നൽകിയ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയ്ക്ക് മറുപടി
നൽകുന്നതിൽ ഒന്നാം എതിർകക്ഷിക്ക് അപാകങ്ങൾ സംഭവിച്ചിട്ടുള്ളതിനാൽ
ഒന്നാം അപ്പീൽ തീർപ്പ് ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ഹർജിക്കാരൻ ആവശ്യ
പ്പെട്ട വിവരങ്ങളും പിരിവ് 4-ലെ ഫയലിന്റെ പകർപ്പ് അടക്കം സൗജന്യമായി അനു
വദിക്കേണ്ടതാണെന്നും വിവരാവകാശ നിയമം ഇത്ര ലാഘവത്തോടെ കൈകാര്യം
ചെയ്യരുതെന്നും വിവരാവകാശ നിയമപ്രകാരമുള്ള എല്ലാ കത്തിടപാടുകളും സ്റ്റേറ്റ്
പബ്ലിക ഇൻഫർമേഷൻ ഓഫീസർ എന്ന നിലയിൽ പേരോടു കൂടി തന്നെ നടത്തേ
ണ്ടതാണെന്നും മേലിൽ ഇത്തരത്തിലുള്ള അപാകങ്ങൾ വരുത്തെരുതെന്നും ഒന്നാം
എതിർകക്ഷിയോട് നിർദ്ദേശിച്ചു കൊണ്ടാണ് അപ്പീൽ ഹർജി തീർപ്പ് കൽപ്പിച്ചി
രുന്നതെന്നും, ഒന്നാം അപ്പീൽ തീർപ്പ് കൽപ്പിച്ച ഉത്തരവ് 27/11/2020 തീയതിയിൽ
ഒന്നാം എതിർകക്ഷിക്ക് ഇമെയിലായി അയച്ചു നൽകിയിട്ടുള്ളതുമാണെന്നും, ഹർജി
ക്കാരനും രജിസ്റ്റേർഡ് തപാലായി അയച്ചു നൽകിയിട്ടുണ്ട് എന്നുമാണ്.

6. അപ്പീൽ ഹർജിയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ലഭ്യമാക്കിയ
റിപ്പോർട്ടും പരിശോധിച്ചതിലും, ഇരുകക്ഷികളെ കേട്ടതിലും ഹർജിക്കാരൻ
ആവശ്യപ്പെട്ട വിവരങ്ങൾ കൃത്യമായി നൽകുന്നതിന് എസ്.പി.ഐ.ഒ-യ്ക്ക്
അപാകതകൾ സംഭവിച്ചിട്ടുള്ളതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും
പിരിവ് 4-ലെ ഫയലിന്റെ പകർപ്പ് അടക്കം സൗജന്യമായി അനുവദിക്കേണ്ടതാ
ണെന്നും വിവരാവകാശ നിയമത്തെ ലാഘവത്തോടെ കൈകാര്യം ചെയ്യരു
തെന്നും വിവരാവകാശ നിയമപ്രകാരമുള്ള എല്ലാ കത്തിടപാടുകളും
എസ്.പി.ഐ.ഒ എന്ന നിലയിൽ പേരോടു കൂടിതന്നെ നടത്തേണ്ടതാണെന്നും
മേലിൽ ഇത്തരത്തിലുള്ള അപാകങ്ങൾ വരുത്തരുതെന്നും, ഒന്നാം അപ്പീൽ തീർപ്പ്
ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ഹർജിക്കാരന് വിവരം നൽകേണ്ടതാണെന്ന്
15/03/2021-ലെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ

ഓഫീസറുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച്ചയാണെന്നും അപ്പീൽ അധികാരി നിരീക്ഷിച്ചിരുന്നു. ക്രമ നമ്പർ 1 പ്രകാരം ഫീസ് ഒടുക്കിയിട്ടും രേഖകൾ അനുവദിച്ചു നൽകിയിട്ടില്ലെന്നും, ക്രമ നമ്പർ 4-ന് ഫയൽ പ്രകാരം വിവരം ലഭ്യമല്ല എന്നാണ് ഒന്നാം എതിർകക്ഷി മറുപടി നൽകിയത്, പ്രസ്തുത മറുപടി നൽകിയ ഒന്നാം എതിർകക്ഷിയുടെ നടപടി വിവരാവകാശ നിയമ പ്രകാരം ഉചിതമല്ലെന്നും ഇപ്രകാരം ഹർജിക്കാരന്റെ 6(1) അപേക്ഷക്ക് നൽകിയ മറുപടിയിൽ ടിയാൻ നിരവധി അപാകതകൾ വരുത്തിയിരിക്കുന്നതിനാൽ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

7. **മേൽ** പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം **2022 ജനുവരി 7**-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM